പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7240 16/07/2012 ൽ മറുപടിയ്ക്ക്

# സർവ്വേയും ഭൂരേഖകളും സംബന്ധിച്ച പരാതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. അൻവർ സാദത്ത്: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയും ഭൂരേഖകളും സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | 31.5.10 ലെ G.O. (MS) 200/10/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ റവന്യൂ വകുപ്പ് മുഖേനയാണ് റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികൾ പരിഹരിച്ച് വരുന്നത്. ഓരോ താലൂക്കിലും തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളുടെ എണ്ണത്തിനനുസരിച്ച് പരാതികൾ പരിഹരിക്കുന്നതിനായി സർവ്വെ ജീവനക്കാരെ ഓരോ താലൂക്കിലും നിയോഗിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി താലൂക്കുകൾ തോറും അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വില്ലേജ്തലത്തിൽ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലാണ്. |
| (സി) എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (സി) | ഓരോ വില്ലേജിലെയും തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികൾ വില്ലേജടിസ്ഥാനത്തിൽ ക്രമീകരിച്ച് റവന്യൂ/സർവ്വെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തീർപ്പാക്കാൻ കഴിയുന്ന എല്ലാ പരാതികളും ടി അദാലത്തിൽ തീർപ്പാക്കുന്നതിനും ഫീൽഡ് പരിശോധന ആവശ്യമുള്ളവ ഒരു തീയതി നിശ്ചയിച്ച് അവ പരിഹരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ